## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല — കമാരപുരം ഗ്രാമപഞ്ചായത്ത് - 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 12,840/- രൂപയും ഖണ്ഡിക 3-(11)-(6) പ്രകാരം തടസ്സപ്പെടുത്തിയ 9,300/- രൂപയും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 2213/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:22/07/2016

---

പരാമർശം:-
1) പഞ്ചായത്ത് ഡയറക്ടറുടെ 20/07/2015-ലെ എം3-21849/15 നമ്പർ കത്തും, 17/07/2015-ലെ 21851/15 നമ്പർ കത്തും.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26/02/2016-ലെ കെ.എസ്.എ 12755/പിറ്റി1/2015 നമ്പർ കത്തും 26/02/2016-ലെ 12764/പിറ്റി1/15 നമ്പർ കത്തും.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ കമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം "എസ്.എസ്.എൽ.സി കുട്ടികളുടെ പഠനനിലവാരം ഉയർത്തൽ" എന്ന പദ്ധതിപ്രകാരം 12,840 രൂപ (പന്ത്രണ്ടായിരത്തിഎണ്ണൂറ്റിനാൽപത് രൂപ മാത്രം) ചെലവഴിച്ചത് ആഡിറ്റ് നിരാകരിക്കുകയും നഷ്ടതുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം ജില്ലാപഞ്ചായത്തിന്റെ ചുമതലയായയതിനാലാണ് ആഡിറ്റ് പ്രസ്തുത ചെലവ് തടസ്സപ്പെടുത്തിയിട്ടുള്ളത്. 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-(11)-(6) പ്രകാരം സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച്, ദർഘാസ് പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി 9,300/-(ഒമ്പതിനായിരത്തി മുന്നൂറ് രൂപ മാത്രം) രൂപ ചെലവഴിച്ചത് ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 08/09/2010 ലെ 4(10)ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, 21/03/2015 ലെ 7ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് ഡയറക്ടർ മുഖേന പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം സംസ്ഥാന വകുപ്പ് ഡയറക്ടറു

ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടരുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-(11)-(6) പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്നും 3-5 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ ആഡിറ്റിന് എതിരഭിപ്രായമില്ല എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ തൊഴിലാളികളുടെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ, പഞ്ചായത്ത് ഡയരക്ടരുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2006-2007 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 12,840/-രൂപയും (പന്ത്രണ്ടായിരത്തിഎണ്ണൂറ്റിനാൽപത് രൂപ മാത്രം) 3-(11)-(6) പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 9,300/-(ഒമ്പതിനായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

സെക്രട്ടറി, കുമാരപുരം ഗ്രാമപഞ്ചായത്ത്,ആലപ്പുഴ

വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ